# മാൻമാർക്ക് കുട

സായന്തനക്കാറ്റേറ്റ് പടിഞ്ഞാറെ ആലിൻചുവട്ടിൽ എന്തോ മനോരാജ്യത്തിലാണ്ടു നില്ക്കുകയായിരുന്നു ഞാൻ. കച്ചത്തോർത്തു മാത്രമുടുത്ത് ചെറിയൊരോലക്കുടക്കാലിൽ തൂക്കിയിട്ട പുസ്തകസഞ്ചിയുമായി തിയ്യാടി നമ്പ്യാരുടെ ചെറിയ പെൺകുട്ടിയുണ്ട് അപ്പോൾ ആ വഴി വരുന്നു. ഉച്ചഭക്ഷണമില്ലാത്തതുകൊണ്ടുള്ള വിശപ്പും വഴിനടന്ന വിയർപ്പുംകൊണ്ട് ആ കുട്ടി നന്നേ വിവശയായിരുന്നു. തെല്ലിട സംശയിച്ചു നിന്നശേഷം പെട്ടെന്ന് തന്റെ സഞ്ചിയിൽനിന്ന് ഒരു നോട്ടുപുസ്തകം വലിച്ചെടുത്ത് അവൾ എന്നെ സമീപിച്ച് ഇണക്കത്തോടെ കെഞ്ചി: "ഈ കണക്കൊന്നു പറഞ്ഞുതരാമോ? നാളെ ചെയ്തു കൊണ്ടു ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ പുറത്തു നിർത്തും." അവളുടെ വിടർന്ന നയനങ്ങൾ പ്രതീക്ഷയോടെ എന്റെ മുഖത്തു പറ്റിനിന്നു. നോട്ടുപുസ്തകം മേടിച്ച് അതിലെ വെളുത്ത കടലാസിൽ കുനിയനുറുമ്പ് നിരയിട്ട പോലെ കാണായ കറുത്ത അക്ഷരങ്ങളിൽ നോക്കി ഞാനങ്ങനെ നിന്നു. യാതൊന്നും എനിക്കു മനസ്സിലായില്ല. ലജ്ജ കൊണ്ട് ഞാൻ ഇല്ലാതായി. കാഴ്ച മങ്ങിപ്പോയി. 'എനിക്ക് അക്ഷരം പോലും വായിക്കാനറിയില്ലല്ലോ' എന്ന് ആ



ഇത്തിരിയോളം പോന്ന പെൺകുട്ടിയോട് മീശ കുരുത്ത ഞാനെങ്ങനെ പറയും! പൊങ്ങച്ചംകൊണ്ടു പുളഞ്ഞ എന്റെ മനസ്സമാധാനം തകർന്നുടഞ്ഞു. നന്നേ കുട്ടിക്കാലത്ത് വിജയദശമി ദിവസം കുളിച്ച് കോടിമുണ്ടുടുത്ത് പൂവും പ്രസാദവും ചൂടി ആവണപ്പലകമേലിരുന്ന് ഭദ്രദീപത്തിന്റെ മുന്നിൽ വച്ച് മോതിര വിരൽ കൊണ്ട് മണലിൽ 'ഹരി ശ്രീ ഗണപതയേ നമഃ' എന്നു കുത്തിവരയ്ക്കേണ്ടി വന്നപ്പോൾ കൈവിരൽ നൊന്തതിനാൽ കവിളത്തുകൂടെ കിനിഞ്ഞിറങ്ങിയ കണ്ണു നീരിന്റെ പുളിപ്പ് വീണ്ടും എനിക്കനുഭവപ്പെട്ടതന്നാണ്.

"കുട്ട്യോളൊക്കെ എപ്പൊഴേപ്പോയതാ സ്കൂളു വിട്ടിട്ട്? വഴീല് കണ്ടോരോടൊക്കെ കൊണ്യാരം പറഞ്ഞങ്ങനെ നില്ക്കും. എന്നിട്ടിരുട്ടാവും അകായിലെത്തുമ്പോൾ." പിന്നിൽനിന്ന് അമ്മയുടെ ശാസന കേട്ട് അവൾ വീട്ടിലേക്കോടിമറഞ്ഞു. അങ്ങനെ ആ കുട്ടിയിൽനിന്ന് ഞാൻ തത്കാലം രക്ഷപ്പെട്ടു. പക്ഷേ, മനസ്സിലെ അസ്വാസ്ഥ്യത്തിൽനിന്നു രക്ഷപ്പെടാൻ എനിക്കു കഴിഞ്ഞില്ല.

ആ രാത്രി മുഴുവൻ ഞാൻ എന്റെ ഭാവിയെപ്പറ്റി ചിന്തിച്ചു. വിജ്ഞാനം നേടിയേ അടങ്ങൂ എന്ന് ആ ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. പിറ്റേ ദിവസം തന്നെ പത്തു വയസ്സിലേറെ പ്രായമാകാത്ത ആ തിയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്ലേറ്റിൽ അവൾ എനിക്ക് അമ്പത്തൊന്നക്ഷരങ്ങൾ എഴുതിത്തന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കംവലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു. വിറയാർന്ന കൈവിരൽകൊണ്ട് വീണ്ടും വീണ്ടും കുത്തിക്കുറിച്ചു. പറന്നെത്തിയ ഒരു തീപ്പൊരി, ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതുപോലെയായിരുന്നു അത്!

പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടുവന്ന കടലാസ് തിടപ്പള്ളിയുടെ മേൽപ്പടിക്കുണ്ടിൽ സൂക്ഷിച്ചുവെച്ചിരുന്നത് ആളൊഴിഞ്ഞ സമയത്ത് ഞാനെടുത്തു വായിക്കാൻ തുടങ്ങി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന 'മാൻമാർക്ക് കുട' എന്ന വാചകം വായിച്ചപ്പോൾ എന്റെ മനസ്സിൽനിന്നൊരു ആഹ്ലാദധ്വനി വിനിർഗളിക്കുകയുണ്ടായി. 'മാൻമാർക്ക് കുട' എന്ന ശബ്ദം എത്ര തവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല. ആ അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടി പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പിൽക്കാല ജീവിതത്തിൽ എനിക്കു മാർഗനിർദ്ദേശം നല്കിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞതകൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞുപോകുന്നു.

വി.ടി. ഭട്ടതിരിപ്പാട്

(കണ്ണീരും കിനാവും)

## അഭ്യാസം

1. **വായിക്കാം കണ്ടെത്താം എഴുതാം :**
   1. പെൺകുട്ടി ചോദിച്ച സഹായമെന്താണ്?
   2. വി.ടി ലജ്ജിതനാകാൻ കാരണമെന്ത്?
   3. വി.ടി എടുത്ത ശപഥം എന്തായിരുന്നു?
   4. വി.ടി.യുടെ വിദ്യാരംഭച്ചടങ്ങുകൾ വിവരിക്കുക.

2. **നിരീക്ഷിക്കാം :**
   - മാൻമാർക്ക് എന്നുവായിക്കാൻ ഇടയായതുവരെ...

_______________________________________________

_______________________________________________

_______________________________________________

_______________________________________________

_______________________________________________

_______________________________________________

_______________________________________________

3. **മാതൃകനോക്കി പുതിയ വാക്കുകൾ എഴുതുക :**

പൂവും പ്രസാദവും

_______________________________________________

_______________________________________________

4. **കൈവിരൽ നൊന്തതിനാൽ കവിളത്തൂകൂടെ കിനിഞ്ഞിറങ്ങിയ കണ്ണുനീരിന്റെ പുളിപ്പ് വീണ്ടും എനിക്കനുഭവപ്പെട്ടതന്നാണ്. – 'കവിളത്തുകൂടെ' എന്നസ്ഥാനത്ത് 'കവിളത്തുകൂടി' എന്ന് പ്രയോഗിച്ചാൽ ആശയത്തിലുണ്ടാകുന്ന മാറ്റമെന്ത്?**

5. **ആശിച്ചാൽ പോരാ യാതൊന്നും**
**ആർജ്ജിക്കുവാൻ ഉദ്യമിക്കണം – തിയ്യാടി പെൺകുട്ടിയുടെ അരികിൽനിന്നുരുകിയ വി.ടി.യുടെ ജീവിതവഴിത്തിരിവ് ആസ്പദമാക്കി ആശയം വിശദമാക്കുക :**



CamScanner

6. ഘോരാന്ധകാരത്തിൽ വി.ടി എടുത്ത ശപഥം എന്തായിരുന്നു?

7. “കുട്ട്യോളൊക്കെ എപ്പൊപ്പോയതാ സ്കൂളു വിട്ടിട്ട്? വഴീല് കണ്ടോരോടൊക്കെ കൊഞ്ഞ്യാരം പറഞ്ഞങ്ങനെ നില്ക്കും. എന്നിട്ടിരുട്ടാവും അകായിലെത്തുമ്പോൾ.” -ഗ്രാമീണഭാഷകളും സാധാരണജനങ്ങളുടെ ഭാഷയും സാഹിത്യകൃതികളിൽ അതേപോലെ അവതരിപ്പിക്കുന്നതുകൊണ്ടുള്ള മേന്മ എന്ത്?

8. ആരുടെ ശിഷ്യത്വം ആണ് വി.ടി സ്വീകരിച്ചത്?

9. ‘ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു’, ‘പറന്നെത്തിയ ഒരു തീപ്പൊരി, ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതുപോലെയായിരുന്നു അത്!’ എന്നീ പ്രയോഗങ്ങളുടെ അർഥം വിശദമാക്കുക :

10. ‘കൈവിരൽ നൊന്തതിനാൽ കവിളത്തൂകൂടെ കിനിഞ്ഞിറങ്ങിയ കണ്ണുനീരിന്റെ പുളിപ്പ് വീണ്ടും എനിക്കനുഭവപ്പെട്ടതന്നാണ്.’ – അക്ഷരത്തിലെ ആദ്യസ്പർശനം നോവിക്കും. അപ്പോൾ ഭയന്നുമാറിയാൽ പിന്നീട് വി.ടിയുടെ അനുഭവം ഉണ്ടായേക്കാം. നിങ്ങൾക്ക് എന്തുതോന്നുന്നു?

11. ഊഹിച്ചെഴുതൂ :
അക്ഷരം അഗ്നിയാണ്. അഗ്നി പൊള്ളിക്കുന്നതാണ്. അക്ഷരാഗ്നിയുടെ പൊള്ളൽ അപകടകരമാണോ ശ്രേയസ്സ് നല്കുന്നതാണോ...

12. സമാനപദങ്ങൾ കണ്ടെത്താം :

- നയനം
- മുഖം / വായ്
- അന്ധകാരം
- കവിൾ
- ഇരുട്ട്
- ഗണ്ഡം
- ആസ്യം
- കണ്ണ്
- തമസ്സ്
- കപോലം
- വദനം
- മിഴി

13. വികസിപ്പിച്ചെഴുതാം :

- ഘോരാന്ധകാരം
- ആഹ്ലാദധ്വനി
- കെടാവിളക്ക്
- ഉച്ചഭക്ഷണം



CamScanner

14. **എത്ര പദങ്ങളാക്കാം :**

- സായന്തനക്കാറ്റ് – ______________________
- തെല്ലിട – ______________________
- തകർന്നുടഞ്ഞു – ______________________
- ഘോരാന്ധകാരം – ______________________
- പണപ്പായസം – ______________________
- ആളൊഴിഞ്ഞ – ______________________

15. **ഒന്നിലധികം അർഥം പറയാം :**

അർഥം – ______________________

ശപഥം – ______________________

ചവയ്ക്കുക – ______________________

16. **അടിവരയിട്ട പദങ്ങൾ കൊണ്ട് പുതിയ വാക്യങ്ങൾ ഉണ്ടാക്കുക :**

തിയ്യാടി പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പിൽക്കാല ജീവിതത്തിൽ എനിക്കു മാർഗനിർദ്ദേശം നല്കിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞതകൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞുപോകുന്നു.

17. **പ്രയോഗഭംഗി കണ്ടെത്താമോ?**

1. ലജ്ജകൊണ്ട് ഞാൻ ഇല്ലാതായി.
2. പൊങ്ങച്ചംകൊണ്ട് പുളഞ്ഞ എന്റെ മനസ്സമാധാനം തകർന്നു.
4. വിറയാർന്ന കൈവിരൽകൊണ്ട് വീണ്ടും വീണ്ടും കുത്തിക്കുറിച്ചു.

## ഈ പാഠഭാഗത്തുനിന്നും ഞാൻ പഠിച്ചത്

______________________

______________________

______________________

______________________

______________________



CamScanner